കേരള സർക്കാർ

നം.334/ഡി.സി.1/18/ തസ്വഭവ

തദ്ദേശ സ്വയം ഭരണ (ഡി സി ) വകുപ്പ്
തിരുവനന്തപുരം,തീയതി 21.07.2018

## സർക്കുലർ

വിഷയം: തദ്ദേശ സ്വയം ഭരണ വകുപ്പ് - ശുചിത്വ മിഷൻ - സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)- പെർഫോർമൻസ് ബേയ്സ്ഡ് ഇൻസെന്റീവ് ഗ്രാൻറ് - സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള തുക വിനിയോഗിക്കുന്നതു സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

സൂചന: 1. കേന്ദ്ര കുടിവെള്ളവും ശുചിത്വവും മന്ത്രാലയത്തിന്റെ 04.08.2016 ലെ S-11011/5/2016/SBM നമ്പർ കത്ത്

2. കേന്ദ്ര കുടിവെള്ളവും ശുചിത്വവും മന്ത്രാലയത്തിന്റെ 14/03/2018 ലെ S-18013/2/2014 O/o Dir (SBM) - Part (I) നമ്പർ ഉത്തരവ്

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി നവീകരിച്ച് കഴിയുന്നത്ര വേഗത്തിൽ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലേക്ക് സംസ്ഥാനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന് കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് "വേൾഡ് ബാങ്ക് സപ്പോർട്ട് ടു സ്വച്ഛ് ഭാരത് മിഷൻ" ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപ്രദേശങ്ങളെ സുസ്ഥിര വെളിയിടവിമുക്ത പ്രദേശങ്ങളായി മാറ്റുക
2. ഉയർന്ന നിലവാരമുള്ള ഖരദ്രവ മാലിന്യ പരിപാലന സംവിധാനങ്ങൾ നടപ്പിലാക്കുക
3. നിർവഹണശേഷി വർദ്ധിപ്പിക്കുക

പ്രസ്തുത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സംസ്ഥാനങ്ങൾക്ക് അവരവരുടെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഇൻസെന്റീവ് നൽകി വരുന്നു. ഓരോ സംസ്ഥാനങ്ങൾക്കും ഇൻസെന്റീവ് അനുവദിക്കുന്നത് ചുവടെ ചേർക്കുന്ന ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ്.

1. വെളിയിടവിസർജ്ജന പ്രദേശങ്ങളുടെ വ്യാപ്തിയിൽ ഉണ്ടായിട്ടുള്ള കുറവ്
2. വെളിയിട വിസർജ്ജനവിമുക്ത പ്രദേശങ്ങളിൽ സുസ്ഥിരത നിലനിർത്തുന്നതിന് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ
3. ഖര-ദ്രവ മാലിന്യ പ്രവർത്തനങ്ങളുടെ നേട്ടങ്ങൾ എത്രശതമാനം ജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്

ഓരോ സംസ്ഥാനങ്ങളിലും നടത്തപ്പെട്ട ഖര-ദ്രവ മാലിന്യ പ്രവർത്തനങ്ങൾ, വെളിയിട വിസർജ്ജന വിമുക്തത കൈവരിക്കുന്നതിലേക്ക് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് നാഷണൽ ആനുവൽ റൂറൽ സാനിട്ടേഷൻ സർവ്വേ നടത്തുന്നതിന് കേന്ദ്ര സർക്കാർ ഒരു സ്വതന്ത്ര ഏജൻസിയെ നിയമിക്കുകയും അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾക്ക് അർഹതപ്പെട്ട ഇൻസെന്റീവ് അനുവദിക്കുകയും ചെയ്തുവരുന്നു. പ്രസ്തുത ഇൻസെന്റീവ് 100% വും കേന്ദ്ര ഗവൺമെന്റ് ഗ്രാന്റായി അനുവദിക്കുന്നു.

കേന്ദ്ര സർക്കാർ അനുവദിക്കുന്ന പെർഫോർമൻസ് ബേയ്സ്ഡ് ഇൻസെന്റീവ് ഗ്രാന്റിന്റെ 95% തുക ഓരോ ഗ്രാമപഞ്ചായത്തിനും വീടുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുകയും ബാക്കി 5% തുക ഭരണപരമായ കാര്യങ്ങൾക്ക് സംസ്ഥാന ശുചിത്വ മിഷനിൽ സൂക്ഷിക്കുകയും ചെയ്യുന്നു.

സംസ്ഥാനത്ത് നടത്തപ്പെട്ട നാഷണൽ റൂറൽ സാനിട്ടേഷൻ സർവ്വേയുടെ അടിസ്ഥാനത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ പെർഫോർമൻസ് ബേയ്സ്ഡ് ഇൻസെന്റീവ് ഗ്രാൻറായി സംസ്ഥാനത്തിന് ആകെ 59.36 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാകുന്ന തുക ചുവടെ ചേർക്കുന്ന പ്രകാരം വിനിയോഗിക്കാം

1) a. വെളിയിട വിസർജ്ജനവിമുക്ത മേഖല സുസ്ഥിരമായി നിലനിർത്തുന്നതിന് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ലൈഫ് ഭവന പദ്ധതിയിലെ ബി.പി.എൽ/ എസ്സ്.സി/ എസ്.റ്റി ഗുണഭോക്താക്കൾക്ക് വ്യക്തിഗത ഗാർഹിക കക്കൂസ് നിർമ്മിക്കുവാൻ (പെർഫോർമൻസ് ഇൻസെന്റീവ് തുകയുടെ പരമാവധി 30% വരെ വിനിയോഗിക്കാം )

b. റിട്രോഫിറ്റിംഗ് [നിലവിലുള്ള ഗാർഹിക ശൗചാലയങ്ങളുടെ മാലിന്യ സംസ്കരണഭാഗം അറ്റകുറ്റപ്പണി നടത്തി മെച്ചപ്പെടുത്തൽ ( BPL കുടുംബങ്ങൾക്ക് മാത്രം )] :

I. മലിനീകരണമുണ്ടാക്കുന്ന ഗാർഹിക കക്കൂസുകളുടെ കേടുപാടുകളുള്ള മാലിന്യ സംസ്കരണ ഭാഗം (ഡൈജസ്റ്റർ) അറ്റകുറ്റപ്പണികൾ നടത്തി/ സെപ്റ്റിക് ടാങ്ക് നിർമ്മിച്ച് സുരക്ഷിതമാക്കി ഉപയോഗപ്രദമാക്കുന്നതിന്

ii. ഒറ്റക്കുഴി മാത്രമുള്ള കക്കൂസുകളിൽ ഇരട്ടക്കുഴി കൂടി നിർമ്മിച്ച് സുരക്ഷിത കക്കൂസുകളാക്കുന്നതിന്

[i & ii ] പ്രവൃത്തികൾക്ക് നിലവിലുള്ള ഗാർഹിക ടോയ് ലെറ്റിന്റെ യൂണിറ്റ് നിരക്കിന്റെ പരമാവധി 60% വരെ ( 15400 ന്റെ 60% = 9240/-, ഇതിൽ 5000/- രൂപ പെർഫോർമൻസ് ബേയ്സ്ഡ് ഇൻസെന്റീവ് ഗ്രാൻറ് തനതു

ഫണ്ടിൽ നിന്നും ബാക്കി ഗ്രാമപഞ്ചായത്തിന്റെ പ്ളാൻ / നോൺ റോഡ്മെയിൻറനൻസ് ഗ്രാൻറിൽ നിന്നും ബാക്കി ഗ്രാമപഞ്ചായത്തിന്റെ തനത് /പ്ലാൻ ഫണ്ടിൽ നിന്നും വഹിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ ഓവർസീയർ വാല്യുവേഷൻ എടുത്ത് യഥാർത്ഥതുക മേൽപറഞ്ഞ ഇനങ്ങളിൽ നിന്നും ആനുപാതികമായി നൽകാവുന്നതാണ്.

c. കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സ് /പൊതു ശൗചാലയങ്ങൾ ജല ലഭ്യത ഉറപ്പാക്കി നിർമ്മിക്കുന്നതിന്

d. സ്കൂൾ ടോയ് ലെറ്റ് (എയിഡഡ് സ്കൂൾ ഉൾപ്പെടെ) നിർമ്മിക്കുന്നതിന്

e. അങ്കൻവാടി ടോയ് ലെറ്റ് നിർമ്മാണം ( ഒരു വർഷത്തിൽ കൂടുതലായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയും തുടരാൻ സാദ്ധ്യതയുളളതും അടക്കം) ഐ.സി.ഡി.എസ് ഓഫീസറുടെ സർട്ടിഫിക്കറ്റിന് വിധേയമായി ഏറ്റെടുക്കാവുന്നതാണ്.

[മേൽ സൂചിപ്പിക്കപ്പെട്ട c,d,e പ്രവർത്തനങ്ങൾക്ക് നിലവിലുളള ഷെഡ്യൂൾ ഓഫ് റേറ്റനുസരിച്ച് തയ്യാറാക്കപ്പെട്ട എസ്റ്റിമേറ്റ് പ്രകാരം]

f. പൊതു ഖര-ദ്രവമാലിന്യ പരിപാലന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് (കമ്പോസ്റ്റിംഗ് / ബയോഗ്യാസ് പ്ലാന്റുകൾ ) [14.02.2018 തീയതിയിലെ സ.ഉ. നം.22/2018/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുളള സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ് ]

g. ശേഷീവികസനം & ഐ.ഇ.സി. പ്രവർത്തനങ്ങൾ നടത്തുവാൻ ലഭ്യമാകുന്ന തുകയുടെ പരമാവധി 5% വരെ

2. പെർഫോർമൻസ് ഇൻസെന്റീവ് ഗ്രാൻറ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന മുഴുവൻ പ്രവൃത്തികൾ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്ത് തല കർമ്മ പദ്ധതി (Action Plan ) തയ്യാറാക്കി ജില്ലാ ശുചിത്വ സമിതിയുടെ അംഗീകാരം ലഭ്യമാക്കണം. തുടർന്ന് പ്രോജക്ടുകൾ ഗ്രാമപഞ്ചായത്ത് പദ്ധതിയുടെ ഭാഗമാക്കി ജില്ലാ ആസൂത്രണ സമിതി അംഗീകാരം ലഭ്യമാക്കുകയും യഥാവിധി സാങ്കേതികാനുമതികളും ലഭ്യമാക്കിയാണ് നിർവ്വഹണം നടത്തേണ്ടത്.

3. ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കുന്ന കർമ്മ പദ്ധതികൾ ജില്ലാ ശുചിത്വ സമിതിയുടെ അംഗീകാരത്തിനുശേഷം ജില്ലാ ശുചിത്വമിഷൻ കോ-ഓർഡിനേറ്റർ ജില്ലാ തലത്തിൽ ക്രോഡീകരിച്ച് സംസ്ഥാന ശുചിത്വ മിഷനിൽ സമർപ്പിക്കേണ്ടതാണ്.

4. ഏറ്റെടുക്കുന്ന മുഴുവൻ പ്രവൃത്തികളും സ്വച്ഛ് ഭാരത് മിഷന്റെ ഐ.എം.ഐ.എസിൽ (IMIS) രേഖപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

5. ഏറ്റെടുത്ത മുഴുവൻ പ്രവൃത്തികളും സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള ഓഡിറ്റിന് വിധേയമായിരിക്കും.

2016 ഏപ്രിൽ മുതൽ 2021 വരെയുള്ള 5 വർഷമാണ് വേൾഡ് ബാങ്ക് സപ്പോർട്ട് ടു സ്വച്ഛ് ഭാരത് മിഷൻ പദ്ധതിയുടെ കാലയളവ്. പെർഫോമൻസ് ബെയ്സ്ഡ് ഇൻസെന്റീവ് ഗ്രാന്റ് ഫണ്ട് കൈകാര്യം ചെയ്യുന്നതിന് പ്രത്യേക നിർദേശങ്ങൾ പിന്നാലെ നൽകുന്നതാണ്. ചെലവഴിച്ച തുക സംബന്ധിച്ച് ധന വിനിയോഗ സാക്ഷ്യ പത്രം യഥാസമയം ഓരോ ഗ്രാമപഞ്ചായത്തുകളും ജില്ലാ ശുചിത്വ മിഷനുകൾക്ക് സമർപ്പിക്കുകയും ജില്ലാ ശുചിത്വ മിഷനുകൾ ആയത് ക്രോഡീകരിച്ച് സംസ്ഥാന ശുചിത്വ മിഷന് സമർപ്പിക്കേണ്ടതുമാണ്.

**സിന്ധു എൽ**
**ഗവ.സ്പെഷ്യൽ സെക്രട്ടറി**

1.എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡൻറുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന )
2 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3.എല്ലാ ജില്ലാകളക്ടർമാർക്കും ( ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന )
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
5.എല്ലാ ജില്ലാശുചിത്വ മിഷൻ കോർഡിനേറ്റർമാർക്കും ( ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന )
6.എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
7. അക്കൗണ്ടൻറ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
8.ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
9. ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ